## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4324 19/10/2011 ൽ മറുപടിക്ക്**

**മരണമില്ലാത്ത മഹാപ്രതിഭകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |
| എ) മരണമില്ലാത്ത മഹാപ്രതിഭകൾ എന്ന പേരിൽ 168 മഹാപ്രതിഭകളുടെ ഹ്രസ്വജീവചരിത്രക്കുറിപ്പുകൾ അടങ്ങിയ പുസ്തകം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) പ്രസിദ്ധീകരിച്ചിട്ടുണ്ട് |
| (ബി) മഹാപ്രതിഭകളുടെ കൂട്ടത്തിൽ നിന്ന് ഗാന്ധിജിയും കുമാരനാശാനും ഉൾപ്പെടെയുള്ള മഹാന്മാരെ ഒഴിവാക്കിയത് എന്തുകൊണ്ടായിരുന്നു; ഗ്രന്ഥകർത്താവ് തയ്യാറാക്കിയ കുറിപ്പുകളിൽ ഗാന്ധിജിയും കുമാരനാശാനും ഉൾപ്പെട്ടിട്ടുണ്ടായിരുന്നുവോ; ഒഴിവാക്കിക്കൊണ്ട് തീരുമാനിച്ചതാരാണ്; | (ബി) "മഹാപ്രതിഭകളുടെ കൂട്ടത്തിൽ നിന്ന് ഗാന്ധിജിയും കുമാരനാശാനും ഉൾപ്പെടെയുള്ള മഹാന്മാരെ ഒഴിവാക്കിയത് അക്ഷന്തവ്യമായ തെറ്റാണെന്ന് തിരിച്ചറിയുന്നു "എന്ന് ഗ്രന്ഥ കാരൻ ശ്രീ. രാജേന്ദ്രൻ ചെറുപൊയ്യ ഒരു കത്തു മുഖേന അറിയിച്ചിട്ടുണ്ട്. ഗ്രന്ഥകർത്താവ് തയ്യാറാക്കിയ കുറിപ്പുകളിൽ ഗാന്ധിജിയും കുമാരനാശാനും ഉൾപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഇപ്രകാരം ഗാന്ധിയെയും കുമാരനാശാനെയും ഒഴിവാക്കിയതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകം പിൻവലിക്കുകയും ഗ്രന്ഥകർത്താവിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) മഹാപ്രതിഭകൾ ആരൊക്കെയായിരിക്കണമെന്ന് തീരുമാനിച്ചത് ഏത് മാനദണ്ഡപ്രകാരമാണ്; പ്രസ്തുത പുസ്തകം പ്രകാശനം ചെയ്തത് ആരായിരുന്നു? | (സി) മഹാപ്രതിഭകൾ ആരൊക്കെയായിരിക്കണമെന്ന് തീരുമാനിച്ചത് ഗ്രന്ഥകർത്താവ് നിശ്ചയിച്ച മാനദണ്ഡപ്രകാരമാണ്. 141 പുസ്തകങ്ങൾ പ്രകാശനം ചെയ്തത് 141 പ്രമുഖ വ്യക്തികളായിരുന്നതിനാൽ ഓരോ വ്യക്തിയും ഓരോ പുസ്തകം നൽകുകയും എല്ലാവരും ഒരുമിച്ച് ഉയർത്തിക്കാട്ടി പ്രകാശനം നിർവഹിക്കുകയും ചെയ്തതിനാൽ പ്രകാശനം നടത്തിയത് ആരാണെന്ന് വ്യക്തമാക്കാൻ കഴിയില്ല. |

(signature)

**സെക്ഷൻ ഓഫീസർ**